പ്രവൃത്തം ച നിവൃത്തം ച ദ്വിവിധം കർമ്മ വൈദികം
ആവർത്തേത പ്രവൃത്തേന നിവൃത്തേനാശ്നുതേ*f*മൃതം (7-15-47)

*നാരദമുനി തുടർന്നു:*
വേദശാസ്ത്രങ്ങളിലുള്ള പാഠങ്ങൾ മനുഷ്യന് ഇന്ദ്രിയങ്ങളെയും മനസ്സിനേയും നിയന്ത്രിക്കാനുള്ള മാർഗ്ഗങ്ങൾ പഠിപ്പിച്ചു തരുന്നു. ഈ ഉദ്ദേശ്യം ഇല്ലാതുള്ള ഏതൊരുകൃതിയും തുലോം ഉപയോഗശൂന്യമത്രേ. ഈശ്വരസാക്ഷാത്ക്കാരത്തിനല്ലാത്ത ഏതൊരു പ്രവൃത്തിയും വൃഥാ വ്യായാമവുമാണ്. ഇന്ദ്രിയനിയന്ത്രണ മാഗ്രഹിക്കുന്ന ഒരുവൻ ഒരു സന്യാസിയായി ഒറ്റപ്പെട്ട സ്ഥലത്തു താമസിച്ച് യാതൊന്നിനോടും ആസക്തി കൂടാതെ വളരെ ലളിതമായ ജീവിതം നയിച്ച്, ഭിക്ഷാന്നം കൊണ്ട് ജീവിക്കണം.

അങ്ങിനെ ഏകാന്തതയുള്ള സ്ഥലത്ത്, പുല്ലുകൊണ്ടോ, മാൻതോലുകൊണ്ടോ, തുണികൊണ്ടോ ഉണ്ടാക്കിയ ആസനത്തിലിരുന്ന് അയാൾ ധ്യാനം ചെയ്യണം. "ഓം" ഉരുവിട്ടു കൊണ്ട് നാസികാഗ്രത്തിൽ ദൃഷ്ടി കേന്ദ്രീകരിച്ച് പ്രാണായാമം ചെയ്യണം. മനസ്സിലെ ആഗ്രഹങ്ങൾ ഉപേക്ഷിക്കപ്പെടുംവരെ ശ്വാസോഛ്വാസഗതിയെ നിയന്ത്രിച്ച്, വിറകില്ലാത്ത തീപോലെ പ്രശാന്തതയിലെത്തി നിശ്ചലമാവണം. സന്യാസിയായ ഒരുവൻ, പിന്നീട് പരിതാപകരമായ ഏതെങ്കിലും ലൗകീകകാര്യങ്ങളിൽ ഏർപ്പെട്ടാൽ അത് ഛർദ്ദിച്ച സാധനം വീണ്ടും ഭക്ഷിക്കുന്നതുപോലെയാണ്. ശരീരത്തിൻെറ ക്ഷണികതയെപ്പറ്റി മനസ്സിലാക്കിയ ശേഷം വീണ്ടും അതിൻെറ പോഷണത്തിനായി കഷ്ടപ്പെടുന്നത് അയാളുടെ പതനമത്രേ. സ്വധർമ്മം പാലിക്കാത്ത ഗൃഹസ്ഥൻ, ബ്രഹ്മചര്യനിഷ്ഠ പാലിക്കാത്ത വിദ്യാർത്ഥി, ആത്മനിയന്ത്രണം നഷ്ടപ്പെട്ട സന്യാസി, ഇവരെല്ലാം അവരവരുടെ സമൂഹത്തിനു മഹാഹാനിയുണ്ടാക്കുന്നു. വിജ്ഞാനിയും വിവേകിയുമായ ഒരുവൻ അവരെ അവഗണിക്കുന്നു.

ഏതു ഗണത്തിൽപ്പെട്ടയാളായാലും ആത്മാവും പരമാത്മാവും ഒന്നെന്ന ബോധത്തോടെ യാതൊരു വിധത്തിലുള്ള ആർത്തിയുമില്ലാതെ വേണം ജീവിക്കാൻ. ദ്വന്ദ്വഭാവങ്ങളായ ആസക്തിയും അനാസക്തിയും, ദുർവാസനകളായ കാമം, ക്രോധം, ലോഭം, ദു:ഖം, പൊങ്ങച്ചം എന്നിവയെല്ലാം രജോഗുണത്തിൻേറയും തമോഗുണത്തിൻേറയും സന്തതികളത്രെ. ഇവകളും, ചില സാത്വീകഗുണങ്ങൾ പോലും - ഉദാഹരണത്തിന്, അർഹതയില്ലാത്തിടത്ത് പ്രകടിപ്പിക്കുന്ന ദയ- നമ്മുടെ ശത്രുക്കളത്രെ. സദ്സംഗത്താലും ഭഗവൽകൃപയാലും ജ്ഞാനിയായ ഒരുവൻ ഈ ശത്രുക്കളെ വിവേകത്തിൻെറ വാളു കൊണ്ട് നശിപ്പിക്കണം. അല്ലെങ്കിൽ അവ അവനെ ജനനമരണചക്രത്തിൻെറ ഒഴുക്കിലേക്ക് വീണ്ടും പോകാനിടയാക്കും.

-വേദാനുസാരിയായ രണ്ടു തരം കർമ്മങ്ങളുണ്ട്. ഒന്ന്, പ്രവൃത്തി - ജീവന് നശ്വരമായ അസ്തിത്വത്തിലേക്ക് തിരിച്ചു വരേണ്ടതായി വരുന്നത് ഈവിധ കർമ്മങ്ങൾ കൊണ്ടാണ്. രണ്ട്, നിവൃത്തി -അമർത്ത്യത നൽകുന്നവയാണീ കർമ്മങ്ങൾ. ശാസ്ത്രവിധി പ്രകാരമുള്ള കർമ്മങ്ങൾ (ഇഷ്ടം), സാമൂഹിക പ്രവർത്തനങ്ങൾ (പൂർത്തം), എന്നിവ പൊതുവെ സ്വാർത്ഥപരമത്രേ. അതുകൊണ്ട് അവ മന:ശാന്തി ഇല്ലാതാക്കുകയും പുനർജന്മഹേതുവായ ഇരുണ്ടപാതയിലേക്ക് നയിക്കുകയും ചെയ്യുന്നു. എന്നാൽ നിവൃത്തി മാർഗ്ഗമവലംബിക്കുന്നവർ, സന്യാസം സ്വീകരിച്ച് കർമ്മങ്ങളെ ഇന്ദ്രിയങ്ങളിലും ഇന്ദ്രിയങ്ങളെ മനസ്സിലും, അങ്ങിനെയങ്ങിനെ ജീവനെ പരമാത്മാവിൽ വിലയിപ്പിക്കും വരെ പ്രഭാപൂർണ്ണമായ ആ പാത പിന്തുടരുന്നതു കൊണ്ട്, നശ്വരമായ അസ്തിത്വത്തിലേക്കു മടങ്ങിവരികയില്ല. ഈ രണ്ടു പാതകളും അറിയാവുന്നവൻ മോഹിതനാവുന്നില്ല.